**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **23-02-2026 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ പോർട്ടിന്റെ വികസന പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ 5 വർഷം കണ്ണൂർ അഴീക്കൽ പോർട്ടിൽ സർക്കാരിന്റെ/മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷത്തെ അഴീക്കൽ തുറമുഖത്തെ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) അഴീക്കൽ തുറമുഖത്തിന് ഇന്റർനാഷണൽ ഷിപ് & പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് (ഐ.എസ്.പി.എസ് കോഡ്) സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.<br><br>2) അഴീക്കൽ തുറമുഖത്ത് 160 കെ.വി.എ ജനറേറ്ററും, ജനറേറ്റർ റൂമും സ്ഥാപിക്കുന്ന പ്രവൃത്തികൾ സിൽക്ക് അഴീക്കൽ മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭരണാനുമതി തുക 25,36,663/- രൂപ .<br><br>3) അഴീക്കൽ തുറമുഖത്തും തുറമുഖ പരിസര ങ്ങളിലും, വാർഫിലും സിസി-ടിവി ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കെൽട്രോൺ തിരുവനന്തപുരം മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട് . പ്രവൃത്തിയുടെ ഭരണാനുമതി തുക 12,74,631/- രൂപ .<br><br>4) അഴീക്കൽ തുറമുഖത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ (2 എണ്ണം) സ്ഥാപിക്കുന്ന പ്രവൃത്തികൾ സിൽക്ക്, അഴീക്കൽ മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭരണാനുമതി തുക 14,30,570//- രൂപ.<br><br>5) അഴീക്കൽ തുറമുഖത്ത് ഓട്ടോമാറ്റിക്ക് ഐഡന്റിഫിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തികൾ Navigun Communications and Security Systems (P) Ltd, Kairali Nagar, Kavanad P.O, Kollamഎന്ന സ്ഥാപനം മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി 3,56,360/- രൂപ .<br><br>6) അഴീക്കൽ തുറമുഖ ഓഫീസ് കെട്ടിടം നവീകരിക്കുന്ന പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് സബ് |

| | | | |
|---|---|---|---|
| | | | ഡിവിഷൻ, അഴീക്കൽ മുഖാന്തിരം പുരോഗതിയിലാണ്. ഭരണാനുമതി തുക 60,00,000./- രൂപ.<br><br>7) അഴീക്കൽ തുറമുഖത്തെ ഷിപ്പിംഗ് ഓപ്പറേഷൻ പ്രവർത്തനങ്ങൾക്കായി കപ്പലുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന പ്രവൃത്തികൾക്കായി 1,70,00,000./-രൂപ യുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ് ഡിവിഷൻ കണ്ണൂരാണ്. പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>മേൽപ്പറഞ്ഞതിന് പുറമേ, ചുവടെ പ്രതിപാദിക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ നൽകിയിട്ടുണ്ട്.<br><br>1) അഴീക്കൽ തുറമുഖത്ത് അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിയിലേക്ക് 1,25,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് കിറ്റ് കോ, കൊച്ചിയാണ്.<br><br>2) അഴീക്കൽ തുറമുഖത്ത് കോമ്പൗണ്ട് ഭിത്തിയുടേയും, പട്രോളിംഗ് പാത്ത് വേ-യുടേയും നിർമ്മാണ പ്രവൃത്തിയിലേക്ക് 49,60,000/- രൂപയുടെ ഭരണാനുമതി അനുവദിച്ച നൽകിയിട്ടുണ്ട് . പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ജില്ലാ നിർമ്മിതി കേന്ദ്ര, തലശ്ശേരിയാണ്.<br><br>3) അഴീക്കൽ തുറമുഖത്ത് ഗേറ്റ്, ഗേറ്റ് ഹൗസ് എന്നീ നിർമ്മാണ പ്രവൃത്തികൾക്ക് 1,00,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ച നൽ കിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, അഴിക്കലാണ്.<br><br>4) അഴീക്കൽ തുറമുഖത്ത് വെയർ ഹൗസിന്റെ നിർമ്മാണ പ്രവൃത്തിയിലേക്ക് 5,55,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ച നൽകിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, അഴീക്കലാണ്. |
| (ബി) | റീജിയണൽ പോർട്ട് ആയതിന് ശേഷം എന്തൊക്കെ മാറ്റങ്ങളാണ് അഴീക്കൽ പോർട്ടിൽ ഉണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | അഴീക്കൽ തുറമുഖം, റീജിയണൽ കാര്യാലയമായ തിന് ശേഷം അഴീക്കൽ തുറമുഖത്തിന് ഐ.എസ്.പി.എസ് കോഡ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട് . ചരക്ക് ഗതാഗതം പുനരാരംഭിക്കു ന്നതിന്റെ ഭാഗമായി കപ്പൽ ചാനലിന്റെ ആഴം 4 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് മെയിന്റനൻസ് ഡ്രെഡ്ജിംഗും, 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |

| | | | |
|---|---|---|---|
| | | | റീജിയണൽ കാര്യാലയത്തിന് കീഴിലുള്ള അഴീക്കൽ, കാസറഗോഡ്, കണ്ണൂർ, തലശ്ശേരി തുറമുഖ പ്രവർത്തനങ്ങളുടെ ഏകോപനം അഴീക്കൽ റീജിയണൽ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. അഴീക്കൽ റീജിയണിന് കീഴിലെ തലശ്ശേരി, കാസർഗോഡ് തുറമുഖ ഓഫീസുകളിലെ നവീകരണ പ്രവൃത്തികൾ റീജിയണൽ കാര്യാലയം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 160 കെ.വി.എ ജനറേറ്റർ/ജനറേറ്റർ റൂം, രണ്ട് 16 മീറ്റർ ഹൈമാസ്റ്റ് ലൈറ്റുകൾ, മറൈൻ സിസി -ടിവി ക്യാമറകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, അഴീക്കൽ തുറമുഖത്തെ ഇമ്മിഗ്രേഷൻ ചെക്ക് പോസ്റ്റായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ